KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 20/03/2023

**സർക്കുലർ നമ്പർ 13/2023 (BD)**

വിഷയം: - "കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2022" പദ്ധതിയുടെ കാലാവധി **2023 മാർച്ച് 22 വരെ** ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 22/07/2022 തിയ്യതിയിലെ 60/2022 (BD) നമ്പർ സർക്കുലർ.
2. 31/01/2023 തിയ്യതിയിലെ 04/2023 (BD) നമ്പർ സർക്കുലർ.
3. 28/02/2023 തിയ്യതിയിലെ 10/2023 (BD) നമ്പർ സർക്കുലർ.

****

**"കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2022 ന്റെ വാർഷിക ലക്ഷ്യമെന്ന മഹത്തായ നേട്ടം കൈവരിക്കാൻ സഹകരിച്ച എല്ലാ മേഖലാ മേധാവികൾക്കും, ശാഖാ മാനേജർമാർക്കും, ജീവനക്കാർക്കും, ഏജന്റുമാർക്കും അഭിനന്ദനങ്ങൾ".**

ഈ സാമ്പത്തിക വർഷത്തെ നമ്മുടെ ചിട്ടി ലക്ഷ്യം 12 മേഖലകളും, 600 ശാഖകളും കൈവരിച്ചു കഴിഞ്ഞു. വാർഷിക ചിട്ടി ബിസിനസ്സ് ലക്ഷ്യമായ 805 കോടി രൂപയിൽ 810.70 കോടി രൂപയുടെ (100.71%) ചിട്ടി ബിസിനസ്സ് നമുക്ക് നേടാൻ സാധിച്ചു. എന്നാൽ മാർച്ച് 15,16, തീയതികളിൽ ശാഖാ പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടതിനാൽ പല ശാഖകൾക്കും സമയബന്ധിതമായി ചിട്ടി രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ല. ഇത് കണക്കിലെടുത്തുകൊണ്ട് **"കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2022 ന്റെ കാലാവധി 22/03/2023 വരെ ദീർഘിപ്പിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.** എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികൾ 2023 മാർച്ച് 29 -ാം തീയതിയ്ക്കകം ആദ്യ ലേലം നടത്തിയാൽ മാത്രമേ ഈ പദ്ധതിയുടെ മുഴുവൻ ആനുകൂല്യം ലഭിക്കുകയുള്ളൂ.

ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി വാർഷിക ലക്ഷ്യം ഇപ്പോഴും കൈവരിക്കാത്ത ശാഖകളും, മേഖലകളും പരമാവധി ചിട്ടി ബിസിനസ്സ് ലക്ഷ്യം നേടിയെടുക്കണമെന്നും ഈ പദ്ധതി കെ.എസ്.എഫ്.ഇ യുടെ എക്കാലത്തെയും മികച്ച പദ്ധതിയാക്കി തീർക്കണമെന്നും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:- എല്ലാ ശാഖാ തലവന്മാർക്കും.

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ